## പാഠം 10

## (സമൂഹം)

# അബ്രാമിന്റെ യാഗപീഠങ്ങൾ

*വേദഭാഗം: ഉല്പത്തി 12:7–9; Patriarchs & Prosphets pp. 127 - 131.*

*മനഃപാഠവാക്യം: "സന്തോഷത്തോടെ യഹോവയെ സേവിപ്പിൻ" (സങ്കീ. 100:2)*

**സന്ദേശം:**

ക്രിസ്തീയ കുടുംബങ്ങൾ ദൈവത്തെ ഒരുമിച്ച് ആരാധിക്കുന്നു.

***നിങ്ങളുടെ കുടുംബം എവിടെയാണ് ദൈവത്തെ ആരാധിക്കുന്നത്? നിങ്ങൾക്ക് കുടുംബ പ്രാർത്ഥനക്കായി ഒരു പ്രത്യേക സ്ഥലമുണ്ടോ? ശബ്ബത്തിൽ നിങ്ങൾ എവിടെയാണ് ആരാധിക്കുന്നത്? അബ്രാമിന് പോകുവാൻ ഒരു പള്ളിയില്ലായിരുന്നു. അവന് ഒരു വീട്ടിൽ ഒരു മുറി പോലുമില്ലായിരുന്നു. എന്നാൽ അവൻ പോയിടത്തെല്ലാം അവൻ ദൈവത്തെ ആരാധിച്ചു. കൂടാതെ അവൻ മറ്റുള്ളവരെയും ദൈവത്തെ ആരാധിക്കുന്നതിനായി നയിച്ചു.***

അബ്രാമും സാറായിയും കൂടാതെ ലോത്തും അനേക ദിവസങ്ങൾ സഞ്ചരിച്ചു. ചിലപ്പോഴൊക്കെ അവർ നടന്നു. ചിലപ്പോൾ സാറായി ഒരു വലിയ ഒട്ടകത്തിനുമേൽ യാത്രചെയ്തു. ചെമ്മരിയാടുകളും ആടുകളും ദൂരേക്ക് അലഞ്ഞുതിരിഞ്ഞു പോകാതിരിക്കാൻ വേലക്കാർ അങ്ങോട്ടുമിങ്ങോട്ടും ഓടി. ഭാരം പേറുന്ന മൃഗങ്ങൾ കൂടാരങ്ങളും മറ്റ് വസ്തുക്കളും ചുമന്നു.

ചിലപ്പോഴൊക്കെ ഈ വലിയ ജാഥ കാണാൻ ആളുകൾ കൂടിവന്നു. "നിങ്ങൾ ആരാണ്?" അവർ അബ്രാമിനോട് ചോദിച്ചു. "നിങ്ങൾ എവിടേക്കാണ് പോകുന്നത്?"



''എന്റെ പേര് അബ്രാം'' അബ്രാം മറുപടി പറയും. "ഞാൻ ഏക സത്യ ദൈവത്തെ ആരാധിക്കുന്നു, അവൻ സ്വർഗ്ഗത്തിൽ വസിക്കുന്നു. അവൻ എന്നോട് എന്റെ സ്വന്തദേശമായ ഊർ എന്ന പട്ടണം വിട്ട് ഒരു പുതിയ രാജ്യത്തേക്ക് പോകുവാൻ പറഞ്ഞു. ഞാൻ അവന്റെ വാക്കുകൾ അനുസരിക്കുകയാണ്." ശ്രദ്ധിച്ചുകൊണ്ടിരുന്ന മനുഷ്യർ ഒരിക്കലും അബ്രാമിന്റെ ദൈവത്തെക്കുറിച്ച് കേട്ടിരുന്നില്ല. ചിലപ്പോൾ അവർ പറയും, "നിന്റെ ദൈവത്തെക്കുറിച്ച് ഞങ്ങൾക്ക് കൂടുതൽ പറഞ്ഞുതരു." ശ്രദ്ധിച്ചവരിൽ ചിലർ അബ്രാമിന്റെ ദൈവത്തെ ആരാധിക്കുവാൻ തീരുമാനിച്ചു, കൂടാതെ അവർ അബ്രാമിന്റെ കൂട്ടത്തോടൊത്ത് ചേരുകയും ചെയ്തു. ഒടുവിൽ, ഒരു നീണ്ട യാത്രക്ക് ശേഷം, അബ്രാമും അവനോടൊപ്പമുണ്ടായിരുന്നവരുമെല്ലാം കനാൻ സ്ഥലത്തുള്ള ഒരു വലിയ പനമരത്തിന്റെ അരികെ കൂടാരമടിച്ചു.

അന്നേ ദിവസം ദൈവം അബ്രാമിനു പ്രത്യക്ഷനായി അവൻ സകല ദിക്കുകളിലേക്കും ചൂണ്ടിക്കാട്ടി. "അബ്രാം" ദൈവം പറഞ്ഞു, "ഞാൻ ഈ

ദേശം നിന്റെ മക്കൾക്കും മക്കളുടെ മക്കൾക്കും അവരുടെ മക്കൾക്കും നൽകാൻ പോകുകയാണ്."

കനാനിൽ ജീവിച്ചിരുന്ന മനുഷ്യർ വിഗ്രഹങ്ങളെ ആരാധിച്ചിരുന്നു എന്ന് അബ്രാം കണ്ടു. ദൈവം അബ്രാമിന് പ്രത്യക്ഷപ്പെട്ട അതേ വൃക്ഷത്തിനരികിൽ അവർ വിഗ്രഹങ്ങളെ ആരാധിച്ചു. എന്നാൽ അബ്രാം അവരുടെ ദൈവങ്ങളെ ആരാധിച്ചില്ല. പകരം, അവൻ ആ വൃക്ഷത്തിനരികെ സത്യദൈവത്തിന് ഒരു യാഗപീഠം പണിതു. അവൻ അതിന്മേൽ ഒരു ആട്ടിൻകുട്ടിയെ അർപ്പിച്ചു. കൂടാത അവനും അവന്റെ കുടുംബവും ദൈവത്തെ ആരാധിച്ചു. അവരുടെ യാത്രയിലുടനീളം കൂടെയിരുന്നു നയിച്ചതിനായി അവർ ദൈവത്തിനു നന്ദിപറഞ്ഞു. ഏവരേയും സുരക്ഷിതമായി കാത്തതിന് അവർ നന്ദി പറഞ്ഞു കൂടാതെ അവരുടെ ആടുമാടുകളെ സൂക്ഷിച്ചതിനും അവർ ദൈവത്തിന് നന്ദി പറഞ്ഞു. അബ്രാം ആ സ്ഥലം വിട്ടതിനുശേഷം കനാന്യർ അവരുടെ വിഗ്രഹങ്ങളെ ആരാധിക്കുന്നതിനായി തിരികെ വന്നപ്പോൾ, അബ്രാം ഏക സത്യദൈവത്തിനായി ഉണ്ടാക്കിയ യാഗപീഠം കണ്ടു. ജീവനുള്ള ദൈവത്തെ അവിടെ ആരാധിച്ചു എന്ന് അവർക്ക് മനസ്സിലായി.

അബ്രാമും, സാറായിയും, ലോത്തും അവരുടെ ദാസന്മാരും കൂടാതെ അവരോട് ചേർന്ന എല്ലാ ആളുകളും കനാൻ ദേശത്തേക്ക് കൂടുതൽ കൂടുതൽ യാത്രചെയ്തു. ദൈവം അവരെ നയിച്ചു. അവന്റെ കുഞ്ഞുങ്ങൾക്ക് അവകാശമാകാൻ പോകുന്ന സകല ദേശങ്ങളും ദൈവം അബ്രാമിനെ കാണിക്കുകയായിരുന്നു. കൂടാതെ ഓരോ പ്രാവശ്യവും അബ്രാം കൂടാരമടിച്ചപ്പോഴും, അവൻ ഒരു യാഗപീഠം ഉണ്ടാക്കി സത്യദൈവത്തെ ആരാധിക്കുന്നതിനായി അവന്റെ ജനത്തെ നയിച്ചു.

അബ്രാമിനെപോലെ, ദൈവത്തിന്റെ ജനം അവനെ ആരാധിക്കുന്നതിന് ഇന്ന് പ്രത്യേ സ്ഥലങ്ങൾ ഉണ്ടാക്കുന്നു. നമ്മുടെ സഭ അതിലൊന്നാണ്. നാം എല്ലാ ആഴ്ചയും അവനെ ആരാധിക്കുന്നതിനായി അവിടെ പോകുന്നു.

---

## ചെയ്യുക പറയുക

---

**ശബ്ബത്ത്**

6 കല്ലുകൾ കണ്ടെത്തുകയോ വരയ്ക്കുകയോ ചെയ്ത് അവ എണ്ണുക. ഓരോ കല്ലിലും മനഃപാഠവാക്യത്തിന്റെ ഓരോ വാക്കുകൾ എഴുതുക. കല്ലുകൾ കൂട്ടിക്കലർത്തുക. മനഃപാഠവാക്യം പറയുമ്പോൾ അക്കങ്ങൾ ഉപയോഗിച്ച് കല്ലുകൾ അടുക്കിവെയ്ക്കാൻ കുട്ടിയെ സഹായിക്കുക. ആവശ്യാനുസരണം ആവർത്തിക്കുക, പിന്നീട് കല്ലുകൾ എടുത്തുമാറ്റി കുട്ടി നഷ്ടമായ കല്ലിലെ വാക്കുകൾ പറയട്ടെ.

**ഞായർ**

ഉല്പത്തി 12:7-9-ൽ നിന്ന് ബൈബിൾ ചരിത്രം ഒരുമിച്ച് വായിക്കുക. ചോദിക്കുക: ഒരു നീണ്ട യാത്രക്ക് ശേഷം നിങ്ങൾക്ക് എന്ത് തോന്നും? അബ്രാമും കുടുംബവും കനാനിലെത്തിയപ്പോൾ എപ്രകാരം അനുഭവപ്പെട്ടിരിക്കാം എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? ദൈവത്തിനുള്ള അബ്രാമിന്റെ യാഗപീഠം കണ്ടപ്പോൾ കനാന്യർക്ക് എപ്രകാരം അനുഭവപ്പെട്ടിരിക്കാം എന്നാണ് നിങ്ങൾക്കു തോന്നുന്നത്? നിങ്ങൾ എവിടെ ആയിരുന്നാലും നിങ്ങൾക്ക് അവനെ ആരാധിക്കുവാൻ കഴിയുന്നതിൽ ദൈവത്തിന് നന്ദി പറയുക.

**തിങ്കൾ**

പാഠഭാഗം ആവർത്തിക്കുക. പിന്നീട് ചോദിക്കുക. അവന്റെ യാഗപീഠത്തിന്റെ പുറത്ത് എന്താണ് അബ്രാം വച്ചത്? (ഒരു ആട്ടിൻകുട്ടി) നാമിന്ന് ദൈവത്തിന് ആട്ടിൻകുട്ടികളെ കൊടുക്കാറുണ്ടോ? ആട്ടിൻകുട്ടി യേശുവിനെ പ്രതിനിധാനം ചെയ്യുന്നുവെന്നും ഇന്നത്തെ നമ്മുടെ കാണിക്കകൾ നമ്മുടെ രക്ഷകനായിരിക്കുന്നതിനാൽ നാം അവനോട് പറയുന്ന നന്ദിയാണ്. എന്ത് കാണിക്കകളാണ് നാം ഇന്ന് നൽകുന്നത്? (ധനം, സമയം, അനുസരണം) ദൈവത്തിന് ഇന്ന് ഒരു സാധനം ദൈവത്തിന് കൊടുക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ കുട്ടിയെ സഹായിക്കുക. അത് ഒരുമിച്ച് ആലോചിച്ച് ചെയ്യുക.

**ചൊവ്വ**

അബ്രാമിന്റെ ചരിത്രം അഭിനയിച്ച് ഒരു യാഗപീഠം ഉണ്ടാക്കുക. ബുക്കുകളോ തലയിണകളോ നല്ല ഇഷ്ടികകളാണ്. ശബ്ബത്ത് സ്കൂളിലുണ്ടാക്കിയ കല്ലുകൾ ഉപയോഗിച്ച് മനഃപാഠവാക്യം പറയുക. നിങ്ങളുടെ കുടുംബം ആരാധിക്കുന്ന സ്ഥലത്തിനായി ദൈവത്തിന് നന്ദി പറയുക.

**ബുധൻ**

ഒരുമിച്ച് ഒരു നീണ്ട നടത്തക്ക് പോകുക. കനാനിലെത്താൻ അബ്രാമും കുടുംബവും നടത്തിയ നീണ്ട നടപ്പിനെക്കുറിച്ച് പറയുക. അനുയോജ്യമെങ്കിൽ, സുഹൃത്തുക്കളെയും അയൽവാസികളെയും നിങ്ങളോടൊപ്പം നടപ്പിന് ക്ഷണിക്കുക. നിങ്ങൾ വീട്ടിലെത്തുമ്പോൾ, ഇന്ന് നിങ്ങളെ കാത്തുരക്ഷിച്ചതിനായി ദൈവത്തിന് നന്ദി പറയുക.

**വ്യാഴം**

നിങ്ങൾ സംബന്ധിച്ചതോ ഭാഗഭാക്കായതോ ആയ ഒരു പ്രത്യേക ശുശ്രൂഷയെക്കുറിച്ച് നിങ്ങളുടെ കുട്ടിയോട് പറയുക (സനാനം, സ്തോത്രക്കാഴ്ച, ക്രിസ്തുമസ്സ്, ഈസ്റ്റർ ശുശ്രൂഷ മുതലായവ)

നാളെയുള്ള ആരാധനയെക്കുറിച്ച് കുട്ടിയുമായി ചർച്ചചെയ്ത് തീരു

മാനിക്കുക. നിങ്ങൾ എന്തുചെയ്യുമെന്നും ഏത് പാട്ടുകൾ പാടുമെന്നും തീരുമാനിക്കുക. നിങ്ങൾ ഒരു യാഗപീഠം “പണിയുമോ”?

**വെള്ളി**

ഇന്ന് നിങ്ങളുടെ കുടുംബത്തോടൊപ്പം അബ്രാമിനെപോലെ ദൈവത്തെ ആരാധിക്കുക. ഇന്നലെ നിങ്ങൾ പ്ലാൻ ചെയ്തതുപോലെ ചെയ്യുക. നിങ്ങളുടെ കുടുംബത്തിനായും കൂടാതെ അവൻ നിങ്ങളെ ദൈനംദിനം നടത്തുന്നതിനായും ദൈവത്തെ സ്തുതിക്കുക.